"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സി.എസ്.ഐ.എൻ.ഡി. - വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായ ടി. എസ്. കനാലിന്റെ വർക്കല ഭാഗത്തെ വികസനം- പുനർഗേഹം മോഡൽ പുനരധിവാസ പദ്ധതി- അംഗീകൃത ലിസ്റ്റിലെ 36-ാം നമ്പറായ ശ്രീമതി ഷജീറയ്ക്ക് പകരം ശ്രീ. നൗഷാദിനെ ഉൾപ്പെടുത്തുന്നത് - ലിസ്റ്റ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3/2024/CSIND തീയതി,തിരുവനന്തപുരം, 09-01-2024

---

പരാമർശം:-

1. സ.ഉ. (സാധാ.) നം. 28/2019/സി.എസ്.ഐ.എൻ.ഡി., തീയതി 27/11/2019.
2. സ.ഉ. (സാധാ.) നം. 07/2020/സി.എസ്.ഐ.എൻ.ഡി., തീയതി 16/03/2020.
3. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 01/08/2023-ലെ W6-208/CE/IN/2019 നമ്പർ കത്ത്.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 03/11/2023-ലെ ബി12-11398/2007 നമ്പർ കത്ത്.

**ഉത്തരവ്**

വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായ ടി . എസ് . കനാലിന്റെ വികസനവുമായി ബന്ധപ്പെട്ട് വർക്കല ഭാഗത്ത് കനാലിനോട് ചേർന്ന് താമസിക്കുന്നതും, വികസന പ്രവർത്തനങ്ങളും ഡ്രഡ്ജിംഗും ഏറ്റവും പ്രതികൂലമായി ബാധിക്കുന്നതുമായ 6 0 കുടുംബങ്ങളെ നിർമ്മിതി കേന്ദ്രം മുഖേന പുനരധിവസിപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവ് നല്കിയിരുന്നതും തുടർന്ന് പ്രസ്തുത ഭരണാനുമതി ഭേദഗതി ചെയ്തുകൊണ്ട് മേൽ 6 0 കുടുംബങ്ങൾക്കായി " പുനർഗേഹം മോഡൽ " പുനരധിവാസ പദ്ധതി ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കുന്നതിന് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നതുമാണ് .

2. പ്രസ്തുത ഉത്തരവുകൾ പ്രകാരം അംഗീകാരം നല്കിയിരുന്ന 60 കുടുംബങ്ങളുടെ ലിസ്റ്റിൽ 36-ാം നമ്പരായി ശ്രീമതി ഷജീറയുടെ പേരാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും, എന്നാൽ വീടിന്റെ കൈവശ രേഖ ശ്രീ. നൗഷാദിന്റെ പേരിലുള്ളതായതിനാൽ ആനുകൂല്യം ടി.യാന് അനുവദിക്കണമെന്ന് ടി.യാൻ ആവശ്യപ്പെട്ടിട്ടുള്ളതായും പുനരധിവാസ പദ്ധതിയുടെ ആനുകൂല്യം ശ്രീ. നൗഷാദിന് കൊടുക്കുന്നതിന് ശ്രീമതി ഷജീറ സമ്മതപത്രം നൽകിയിട്ടുള്ളതായും അതിനാൽ ശ്രീമതി ഷജീറയുടെ പേരിൽ അനുവദിച്ച പുനരധിവാസ ആനുകൂല്യം ശ്രീ. നൗഷാദിന്റെ പേരിൽ നൽകുന്നതിനുള്ള അനുമതി നല്കണമെന്നും ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരം ആവശ്യപ്പെടുകയുണ്ടായി .

3. ഇക്കാര്യത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ, വർക്കല വില്ലേജ് പരിധിയിൽ ടി.എസ്. കനാലിന്റെ വശത്തായി 20 വർഷത്തോളമായി ശ്രീ. നൗഷാദ് താമസിച്ചു വന്നിരുന്നതാണ് എന്നും, എന്നാൽ ടിയാൾ വ്യക്തിപരമായ കാരണങ്ങളാൽ 4 വർഷം മുൻപ് സഹോദരിയുടെ മകൾ ശ്രീമതി ഷജീറയ്ക്ക് ടി. വീട്ടിൽ

താമസിക്കുവാൻ അനുവാദം നൽകുകയും താല്ക്കാലികമായി വീട് ഉപേക്ഷിക്കുകയും ചെയ്തതായും, ടി സ്ഥലത്തിന് ശ്രീ. നൗഷാദ് പേരിൽ കൈവശാവകാശം ലഭിച്ചിരുന്നതാണെന്നും എന്നാൽ പുനർഗേഹം പദ്ധതിയുടെ പ്രാരംഭ സർവ്വെയുടെ ഘട്ടത്തിൽ ശ്രീമതി ഷജീറയുടെ പേര് ഉൾപ്പെടുത്തുകയാണ് ഉണ്ടായതെന്നും ഷജീറയുടെ പേര് ഒഴിവാക്കി യഥാർത്ഥ ഉടമസ്ഥനായ ശ്രീ. നൗഷാദിന്റെ പേര് ചേർക്കുന്നതിന് സമ്മതം അറിയിച്ച് നോട്ടറി സ്റ്റേറ്റ്മെന്റ് ശ്രീമതി ഷജീറ ഹാജരാക്കിയിട്ടുള്ളതായും അറിയിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശത്തിലെ ഉത്തരവുകൾ പ്രകാരം "പുനർഗേഹം മോഡൽ" പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തുന്നതിനായി അംഗീകാരം നല്കിയിരുന്ന 60 കുടുംബങ്ങളുടെ ലിസ്റ്റിൽ 36-ാം നമ്പരായി ഉൾപ്പെട്ടിരുന്ന ശ്രീമതി ഷജീറക്ക് പകരം, പ്രസ്തുത സ്ഥലത്തിന് കൈവശാവകാശം ലഭിച്ചിട്ടുള്ള ശ്രീ.നൗഷാദ് -നെ ഉൾപ്പെടുത്തുന്നതിന് അനുമതി നല്കി പ്രസ്തുത ലിസ്റ്റ് അപ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാരി രാജൻ
സ്പെഷ്യൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം പി.ഒ, കൊല്ലം.

ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ /ചീഫ് എഞ്ചിനീയർ, കിൽ,കൊച്ചി എയർപോർട്ട് പി.ഒ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (എ2/137/2023/സി.എസ്.ഐ.എൻ.ഡി)

ഉത്തരവിൻ പ്രകാരം
Signed by
Bimal V
Date: 09-01-2024 17:03:15
സെക്ഷൻ ഓഫീസർ